കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം – അധികാരവികേന്ദ്രീകരണം – കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും പദ്ധതികളും സംബന്ധിച്ച് പൊതു മാർഗ്ഗനിർദ്ദേശങ്ങൾ നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

ജി.ഒ.(എം.എസ്.) നം.14/96/പ്രൊ.വി. തിരുവനന്തപുരം,തീയതി,18.1.1996

---

പരാമർശം :– 1. 18.9.1995 ലെ ജി.ഒ.(പി) 189/95/തഭവ നമ്പർ ഉത്തരവ്.

2. വിദ്യാഭ്യാസ ഡയറക്ടറുടെ 21.9.1995 ലെ പി.എൽ.(4) 39530/94/നമ്പർ കത്ത്.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29.11.1995 ലെ പി.എൽ.(4) 39530/94 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ട സ്ഥാപനങ്ങളും പദ്ധതികളും അധികാരങ്ങളും പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ കൈമാറ്റം നടത്തിയിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും അധികാരങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈകാര്യം ചെയ്യുന്നതിന് അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

നീലാ ഗംഗാധരൻ

സെക്രട്ടറി

### പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ള അധികാരങ്ങളും അവയുടെ മാർഗ്ഗ നിർദ്ദേശങ്ങളും

| | |
|---|---|
| ഗ്രാമ പഞ്ചായത്തുകളിലുള്ള എൽ.പി. സ്കൂളുകളുടെ നിയന്ത്രണം. | 1) ഗ്രമപഞ്ചായത്തിലെ എൽ.പി.സ്കൂളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുക.<br>2) സ്കൂളുകളുടെ സുഗമവും ക്രിയാത്മകവുമായ പ്രവർത്തനത്തിന് വിഘാതമായി നില്ക്കുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഉപ വിദ്യാഭ്യാസ ഡയറക്ടറോട് ശുപാർശ ചെയ്യുക<br>3) വർഷാരംഭത്തിൽ തന്നെ എൽ.പി.സ്കൂളുകളിൽ ഉണ്ടാകുന്ന അദ്ധാപകരുടെ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരമോ, എംപ്ലോയ്മെന്റ് എക്സേഞ്ച് വഴിയോ ഉപ വിദ്യാഭ്യാസ ഡയറക്ടറെക്കൊണ്ട് നികത്തിപ്പിക്കുക.<br>4) എൽ.പി. സ്കൂളുകളിൽ നിന്നും കുട്ടികൾ പഠനം അവസാനിപ്പിച്ച് കൊഴിഞ്ഞു പോകുന്നത് തടയുവാനുള്ള നടപടി, വകുപ്പ് ഉദ്യോഗസ്ഥ ന്മാരുടെ സഹായസഹകരണത്തോടെ നടപ്പിലാക്കുക. |
| ബി) സർക്കാർ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക | 1) ഗ്രാമപഞ്ചായത്തിലുള്ള സ്കൂളുകളുടെ ഓല കെട്ടി മേച്ചിലും ആവശ്യമായ അറ്റകുറ്റപ്പണികളും യഥാസമയം നടത്തുക.<br>2) സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുക. |
| സി) സ്കൂൾ കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകുക | 1) ഉച്ചഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുകയും അതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക.<br>2) ഉച്ചഭക്ഷണ വിതരണത്തിനുള്ള സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുകയും ഭക്ഷ്യസാധനങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക. |
| ഡി) പ്രീ-പ്രൈമിറി സ്കൂളുകളും വ്യവസായിക പരിശീല കേന്ദ്രങ്ങളും ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയ സ്കൂളുകൾ നടത്തുക. | ഗ്രാമപഞ്ചായത്ത് പ്രീ-പ്രൈമറി സ്കൂളുകൾ ആവശ്യമാണെന്നു കണ്ടാൽ അവ സ്ഥാപിക്കുക, യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുക, അവർക്ക് ശമ്പളം ഉൾപ്പെടെയുള്ള ആവശ്യങ്ങൾ അനുവദിച്ച് നൽകുക തുടങ്ങിയവ ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കണം. |
| ഇ) വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക | സ്കോളർഷിപ്പുകളും ഗ്രാന്റുകളും അർഹരായ കുട്ടികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും അവ യഥാസമയം വിതരണം നടത്തുകയും ചെയ്യുക. |
| എഫ്) അനൗപചാരിക വിദ്യാഭ്യാസവും, വയോജന വിദ്യാഭ്യാസവും മറ്റ് സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക. | ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| ജി) സ്കൂളുകളിൽ | സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിൽ |

| | |
|---|---|
| കായികാദ്ധ്യാന സംസ്കാരം അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | താല്പര്യമുള്ള കുട്ടികളുടെ കഴിവ് കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനം ബന്ധപ്പെട്ട സ്കൂൾ അധികൃതർ നൽകുന്നുണ്ടോ എന്ന് വിലയിരുത്തി വേണ്ട നടപടി സ്വീകരിക്കുക. |

*ഗ്രാമ പഞ്ചായത്തുകൾ പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി ചെയ്യേണ്ട പൊതുവായ കാര്യങ്ങൾ*

1. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനൊപ്പം അതിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക.
2. അക്ഷരപുലരി, ആവശ്യപഠന നിലവാര പദ്ധതി എന്നിവ കാര്യക്ഷമമായി നടത്തിക്കുകയും അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.
3. പഞ്ചായത്ത് തലത്തിലുള്ള സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുകയും അവയുടെ പ്രവർത്തനം ഗുണകരമായി മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരമുയർത്തുന്നതിനുള്ള പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കാനായി നേതൃത്വം നൽകുകയും ചെയ്യുക.

ജില്ലാ പഞ്ചായത്തിന്റെ അധികാരങ്ങളും
അവയുടെ മാർഗ്ഗ നിർദ്ദേശങ്ങളും

| | |
|---|---|
| എ) ജില്ലയിലെ വയോജന അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾക്ക് നേതൃത്വം നല്കുക;<br>ബി) സാക്ഷരതാ പ്രവർത്തനങ്ങളുടെ നിയന്ത്രണവും കോ-ഓർഡിനേഷനും | ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| സി) ഹൈസ്കൂളുകളുടേയും അപ്പർപ്രൈമറി സ്കൂളുകളുടെയും നിയന്ത്രണവും മേൽനോട്ടവും | 1) ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള അപ്പർ പ്രൈമറി, ഹൈസ്കൂൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.<br>2) പ്രസ്തുത സ്കൂളുകളുടെ സുഗമവും ക്രിയാത്മകവുമായ പ്രവർത്തനത്തിന് വിഘാതമായി നില്ക്കുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ മേൽ അന്വേഷണം നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഉപ വിദ്യാഭ്യാസ ഡയറക്ടറോട് ശുപാർശ ചെയ്യുക.<br>3) വർഷാരംഭത്തിൽ പ്രസ്തുത സ്കൂളുകളിൽ ഉള്ള അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖാന്തിരമോ, ഉപവിദ്യാഭ്യാസ ഡയറക്ടറെക്കൊണ്ട് നികത്തിപ്പിക്കുക.<br>4) അപ്പർ പ്രൈമറി സ്കൂളുകളിൽ നിന്നും കുട്ടികൾ പഠനം അവസാനിപ്പിച്ചു കൊഴിഞ്ഞുപോകുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുക. |

***ജില്ലാ പഞ്ചായത്തുകൾ പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി ചെയ്യേണ്ട പൊതുവായ കാര്യങ്ങൾ***

ജില്ലാ പഞ്ചായത്ത് തലത്തിലുള്ള സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുകയും അവയുടെ പൊതു സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യുക.

കേരള മുനിസിപ്പാലിറ്റി ആക്ടനുസരിച്ച്
മുനിസിപ്പാലിറ്റിയുടെ അധികാരങ്ങളും അവയുടെ മാർഗ്ഗ നിർദ്ദേശങ്ങളും

എ) സർക്കാർ എൽ.പി., യു.പി., ഹൈസ്കൂളുകളുടെ നിയന്ത്രണവും മേൽനോട്ടവും.

1) മുനിസിപ്പാലിറ്റിയുടേയും കോർപ്പറേഷന്റേയും അധികാര പരിധിയിലുള്ള എൽ.പി., യു.പി. ഹൈസ്കൂളുകളിൽ അദ്ധ്യാപക – അദ്ധ്യാപകേതര ജീവനക്കാർ തങ്ങളുടെ ചുമതലകൾ കാര്യക്ഷമമായും കൃത്യനിഷ്ഠയോടും നിർവ്വഹിക്കുന്നുണ്ടോ എന്ന് വിലയിരുത്തുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

2) സ്കൂളുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന അദ്ധ്യാപക – അദ്ധ്യാപകേതര ജീവനക്കാരുടെ മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ ഉപ വിദ്യാഭ്യാസ ഡയറക്ടറോട് ശുപാർശ ചെയ്യുക.

3) വർഷാരംഭത്തിൽ തന്നെ എൽ.പി., യു.പി. ഹൈസ്കൂളുകളിൽ ഉണ്ടാകുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരമോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ഉപ വിദ്യാഭ്യാസ ഡയറക്ടറെക്കൊണ്ട് നികത്തിപ്പിക്കുക

4) എൽ.പി., യു.പി. സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ പഠനം അവസാനിപ്പിച്ചുള്ള കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

ബി) സർക്കാർ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും അവയ്ക്ക് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക

1) മുനിസിപ്പൽ ഏരിയായിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുക.

2) സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുക.

സി) സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുക

1) ഉച്ചഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുകയും അതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക.

2) ഉച്ചഭക്ഷണ വിതരണത്തിനുള്ള സാധനങ്ങളുടെ

| | |
|---|---|
| | ഗുണനിലവാര പരിശോധന നടത്തുകയും ഭക്ഷ്യ സാധനങ്ങൾ സ്കൂളിൽ എത്തിക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക. |
| ഡി) പ്രീ–പ്രൈമറി സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും ഉൾപ്പെടെയുളളവ ഏർപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുക. | മുനിസിപ്പൽ പ്രദേശത്ത് പ്രീ–പ്രൈമിറി സ്കൂളുകൾ ആവശ്യമാണെന്ന് കണ്ടാൽ അവ സ്ഥാപിച്ച് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിച്ച് അവർക്ക് ശമ്പളം നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ മുനിസിപ്പാലിറ്റിക്ക് സ്വന്തമായി ചെയ്യാവുന്നതാണ്. |
| ഇ) വിദ്യാർത്ഥികൾക്കുളള സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക. | സ്കോളർഷിപ്പുകളും ഗ്രാന്റുകളും അർഹരായ കുട്ടികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും അവ യഥാസമയം വിതരണം നടത്തുകയും ചെയ്യുക. |
| എഫ്) അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മറ്റ് സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക. | ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| ജി) സ്കൂളുകളിൽ കായികാദ്ധ്വാന സംസ്കാരം പ്രോത്സാഹിപ്പിക്കുക | എൽ.പി., യു.പി. ഹൈസ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്കൂളുകൾ നടപടിയെടുക്കാറുണ്ടോ എന്ന് മുനിസിപ്പാലിറ്റിക്ക് വിലയിരുത്താവുന്നതാണ്. അതോടൊപ്പം കിറ്റ് അലവൻസിനുള്ള പ്രൊപ്പോസ്സൽ ജില്ലാ ഓഫീസർക്ക് സമർപ്പിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട ഹൈസ്കൂൾ അദ്ധ്യാപകൻ കിറ്റ് അലവൻസിനു വേണ്ടി സ്കൂൾ സമയത്തിനുശേഷവും ജോലി ചെയ്തിരുന്നോ, മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും വിലയിരുത്താവുന്നതാണ്. |
| എച്ച്)സ്കൂൾ യുവജനോത്സവങ്ങൾക്കും കലാ സാംസ്കാരിക കായിക മേളകൾക്കും മറ്റ് തദ്ദേശീയ ഉത്സവങ്ങൾക്കും സഹായം നൽകുക; മേളകളും, ഉത്സവങ്ങളും നിയന്ത്രിക്കുക. | മേളകളും ഉത്സവങ്ങളും നടത്തുന്നതിനുവേണ്ടി പ്രാതിനിധ്യം ഉൾപ്പെടെയുള്ള സഹായ സഹകരണങ്ങൾ നൽകുക. |

## ***മുനിസിപ്പാലിറ്റികൾ പൊതു വിദ്യാഭ്യാസ വകുപ്പിനുവേണ്ടി ചെയ്യേണ്ട പൊതുവായ കാര്യങ്ങൾ***

1. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.
2. അക്ഷര പുലരി, ആവശ്യപഠന നിലവാര പദ്ധതി എന്നിവ കാര്യക്ഷമമായി നടത്തിക്കുകയും അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.

3. മുനിസിപ്പൽ തലത്തിലുള്ള സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുകയും അവയുടെ പൊതു സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും ഉള്ള പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുക.